കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 27 | 2016 |
| --- | --- |



ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd

# തിരക്കൊഴിഞ്ഞ് സന്നിധാനം; കർമനിരതരായി സേവകർ

**- നടയടച്ചശേഷമുള്ള ആദ്യ ദിനത്തിലെ സന്നിധാനക്കാഴ്ചകളിലൂടെ**

ശബരിമല: നാൽപ്പത്തിയൊന്നു ദിവസത്തെ ശരണം വിളികളും തിരക്കും ബഹളവും വിട്ടൊഴിഞ്ഞ് ശബരിമലയും സന്നിധാനവും. തിങ്കളാഴ്ച മണ്ഡലപൂജയെത്തുടർന്ന് നട അടച്ചതോടെ തീർഥാടകർ മലയിറങ്ങി സ്വന്തം നാടുകളിലേക്ക് യാത്രയായതോടെ പമ്പയും സന്നിധാനവും പരിസരങ്ങളും നിശബ്ദതയിലാഴ്ന്നു. പമ്പയിൽ നിന്ന് സന്നിധാനത്തിലേക്കുള്ള സ്വാമി അയ്യപ്പൻ റോഡിൽ ഇപ്പോൾ കേൾക്കുന്നത് ഇടവിട്ടുള്ള ട്രാക്ടറുകളുടെ മുരൾച്ചമാത്രം.

സന്നിധാനം ഡിസംബർ 30ന് മകരവിളക്ക് ഉത്സവത്തിന് ഒരുങ്ങുകയാണ്. മണ്ഡല പൂജ കഴിഞ്ഞ് ഭസ്മാഭിഷിക്തനായി ധ്യാനനിമഗ്നനായിരിക്കുന്ന ഭഗവാന് അലോസരം സൃഷ്ടിക്കാതെയുള്ള വ്യ

ത്തിയാക്കൽ ജോലികൾ സന്നിധാനത്ത് നടക്കുന്നു. വിവിധ വകുപ്പുകളിലെ ജീവനക്കാരും തൊഴിലാളികളും മാത്രമാണ് ഇവിടെ ഇപ്പോഴുള്ളത്. ഇവരെല്ലാം അതിരാവിലെ തന്നെ ജോലികളിലേക്ക് ഇറങ്ങും. നടയടച്ചശേഷമുള്ള ആദ്യ ദിനത്തിലെ സന്നിധാനക്കാഴ്ചകൾ ഇങ്ങനെ:

**സ്വന്തം ട്രാക്ടർ**

ശരണംവിളികളിലമരുന്ന മണ്ണിൽ ട്രാക്ടറുകളുടെ കനത്തശബ്ദം മാത്രം. മുമ്പ് കഴുതപ്പുറത്തും മനുഷ്യർ ചുമന്നുമാണ് സാധനസാമഗ്രികൾ സന്നിധാനത്ത് എത്തിച്ചിരുന്നതെങ്കിൽ ഇപ്പോൾ ആ ജോലി ട്രാക്ടറുകൾക്കാണ്. ദേവസ്വം ബോർഡിന്റെ നാലു ട്രാക്ടറുകളും സ്വകാര്യ സ്ഥാപനങ്ങളുടെതായി അമ്പതോളം ട്രാക്ടറുകളും സർവീസ് നടത്തുന്നുണ്ട്. ദേവസ്വം ബോർഡിന്റെ ട്രാക്ടറുകളിൽ അരവണ നീക്കവും ആഴി ശുദ്ധീകരിക്കലും നടന്നുവരുന്നു. തിരുവനന്തപുരം വിതുര ചാരുപാറ സ്വദേശി വിനയ്കുമാറും കോട്ടയം പുതുപ്പള്ളി മീനടം സ്വദേശി അജിയുമൊക്കെ വർഷങ്ങളായി ദേവസ്വം ബോർഡ് ട്രാക്ടറുകളുടെ ഡ്രൈവർമാരായി ജോലി ചെയ്യുന്നു. അല്പം പോലും വിശ്രമിക്കാൻ സമയമില്ല. ആഴിയിലെ അഗ്നിവെള്ളമൊഴിച്ചു കെടുത്തിയ ശേഷം മണ്ണുമാന്തി യന്ത്രം ഉപയോഗിച്ചു കോരി ട്രാക്ടറുകളിൽ പൊലീസ് ബാരക്കിനു സമീപം സൂക്ഷിക്കുന്നു. ഇതു പിന്നീട് ലേലം ചെയ്തു വില്ക്കും. ഖരമാലിന്യങ്ങളുടെ നീക്കം ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു.

**അരവണ ക്ഷാമം പഴങ്കഥ**

അരവണയുടെ കരുതൽ ഉറപ്പുവരുത്തുന്ന ജോലി സന്നിധാനത്തും മാളികപ്പുറത്തും നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കുറി മണ്ഡലകാലത്ത് ഒരുദിവസം പോലും അരവണയ്ക്കും അപ്പത്തിനും ദൗർലഭ്യം ഉണ്ടായില്ലെന്നത് ദേവസ്വം ബോർഡിന് അഭിമാനിക്കാവുന്ന നേട്ടമാണ്. മാളികപ്പുറത്തേക്ക് 250 ടിന്നുകളുടെ 29 പെട്ടി ഇന്നലെ എത്തിച്ചു. എട്ടുമണിക്കൂർ വീതം മൂന്നു ഷിഫ്ടുകളിലായി ഇരുനൂറോളം പേർ രാവുംപകലുമായി അരവണ പ്ലാന്റിൽ ജോലി ചെയ്യുന്നു. സ്പെഷൽ ഓഫീസർ എസ്. ജ്യോതിഷ്കുമാർ പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കുന്നു.

**തടസമില്ലാതെ വൈദ്യുതി**

പമ്പയിലും സന്നിധാനത്തും വൈദ്യുതി മുടങ്ങാതിരിക്കാനുള്ള തി

രക്കിട്ട ജോലികളിലാണ് കെ.എസ്.ഇ.ബി. ലൈനുകളിൽ അറ്റകുറ്റപ്പണിയും ട്രാൻസ്ഫോമറുകളുടെ ശേഷി പരിശോധനയുമാണ് നടക്കുന്നത്. ഇരുസ്ഥലങ്ങളിലുമായി പതിനെട്ടു പേർ ജോലി ചെയ്യുന്നു. തകരാറിലായ വഴിവിളക്കുകൾ നന്നാക്കുന്നതിന് അഞ്ചുപേരെ നിയോഗിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയർ ആർ. ബിജുരാജിന്റെ നേതൃത്വത്തിലാണ് കെ.എസ്.ഇ.ബി.യുടെ സന്നിധാനത്തെ പ്രവർത്തനം.

## <u>ഭക്ഷണശാലയിൽ എല്ലാം പതിവുപോലെ</u>

ദേവസ്വം ബോർഡിന്റെ ഭക്ഷണശാലയിൽ ആളൊഴിഞ്ഞ സമയമില്ല. നട അടച്ചുവെങ്കിലും സന്നിധാനത്ത് വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു ഭക്ഷണം മുടങ്ങാതെ നൽകുന്നു. സ്പെഷൽ ഓഫീസർ ആർ. എസ്. ഉണ്ണികൃഷ്ണൻ നായരുടെ നേതൃത്വത്തിൽ 80 പേർ ഇവിടെ അടുക്കളയിലും പുറത്തുമായി ജോലി ചെയ്യുന്നു. തിരക്കില്ലാത്ത ഇപ്പോൾ പോലും രണ്ടായിരം പേർക്ക് വച്ചുവിളമ്പുന്നു. രാവിലെ ഇഡ്ഡലിയും കടലക്കറിയും ഉപ്പുമാവും കിഴങ്ങുകറിയും മാറിമാറി തയാറാക്കുന്നു. ഉച്ചയ്ക്ക് ഇത്രയും പേർക്ക് ഊണും. വൈകിട്ട് കഞ്ഞിയും പയറും.

## <u>ശബരിമല-പിൻ 689713</u>

സന്നിധാനത്ത് തിരക്കില്ലെങ്കിലും തപാൽ ഓഫീസിൽ തിരക്കുണ്ട്. പോസ്റ്റ്മാസ്റ്റർ എം.കെ. ജനാർദനൻ ഉണ്ണിത്താന്റെ നേതൃത്വത്തിൽ ആറു ജീവനക്കാർ വിവിധ ജോലികളിൽ വ്യാപൃതരാണ്. തപാൽ സേവനങ്ങൾക്കു പുറമെ മൊബൈൽ റീചാർജ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സീസണിൽ 66 ദിവസവും ഉത്സവകാലത്ത് പത്തുദിവസവും ഓഫീസ് തുറന്നുപ്രവർത്തിക്കും. ജനുവരി 19 വരെ ഓഫീസ് പ്രവർത്തിക്കും.

## <u>ഇമവെട്ടാതെ കാവൽ</u>

സന്നിധാനത്ത് ഭഗവാന്റെ ധ്യാനത്തിന് അല്പം പോലും ഭംഗംവരാതെയും കാത്തുസൂക്ഷിക്കുന്നത് ദ്രുതകർമ സേനയിലെയും കേരള പോലീസിലെയും ഇന്ത്യൻ റിസർവ് ബറ്റാലിയനിലെയും മിടുക്കൻമാരാണ്. രാവും പകലും ഇവരുടെ സൂക്ഷ്മനിരീക്ഷണത്തിലാണ് സന്നിധാനവും പരിസരവും. കാവൽമാടത്തിൽ ഇമയടക്കാതെ ദ്രുതകർമ സേനാംഗങ്ങൾ. ക്ഷേത്രത്തിനു ചുറ്റും കാവലൊരുക്കി പന്ത്രണ്ടു പോലീസ് കമാൻഡോകൾ. ഇന്ത്യൻ റിസർവ് ബറ്റാലിയനിലെ 15

പേരും തണ്ടർബോൾട്ടിലെ 35 പേരും സുരക്ഷയ്ക്കായി ഉണ്ട്.

**കൊപ്രാക്കളം സജീവം**

കൊപ്രാക്കളം മറ്റൊരു അത്ഭുതമാണ്. ഭക്തർ നിവേദിക്കുന്ന തേങ്ങ ഉണക്കി കൊപ്രയാക്കി മാറ്റുന്ന കഠിനജോലിയാണ് പകൽ പൊള്ളുന്ന ചൂടിലും ഇവിടെ നടക്കുന്നത്. പത്മാകരനാണ് മേൽനോട്ടം. ഇത്രയും തൊഴിലാളികൾക്ക് ഭക്ഷണവും കാപ്പിയും ചായയും തയാറാക്കാൻ എട്ടുപേർ വേറെയും.

**ശുചിയാക്കൽ യജ്ഞവുമായി അഗ്നിശമന സേന**

സന്നിധാനം കഴുകി വൃത്തിയാക്കുന്ന ഭാരിച്ച ജോലിയിലാണ് ഫയർ ആൻഡ് റെസ്ക്യൂ വിഭാഗം. സ്പെഷൽ ഓഫീസറായ അസിസ്റ്റന്റ് ഡിവിഷനൽ ഓഫീസർ എം.എസ്. സുവിയുടെ നേതൃത്വത്തിൽ 66 പേർ ഒമ്പത് ഇടങ്ങളിലായി പ്രവർത്തിക്കുന്നു. നെയ്യും മറ്റ് ഇരുമുടി അവശിഷ്ടങ്ങളും സന്നിധാനത്തും പരിസരത്തും നിന്ന് കഴുകി നീക്കുകയാണിപ്പോൾ. സോപാനം ഇന്നലെ രാവിലെ തന്നെ കഴുകി വൃത്തിയാക്കി. സന്നിധാനത്ത് ജോലിയിൽ മുഴുകുന്നവരെല്ലാം സേവനത്തെ അയ്യപ്പസേവയായി കാണുന്നു.

ഇതു കൂടാതെ മകരവിളക്ക് കച്ചവടത്തിനുള്ള കടകൾ ഒരുക്കുകയാണ് കച്ചവടക്കാർ. പാത്രക്കച്ചവടക്കാരനായ തൃശൂർ സ്വദേശി ഹരീഷ് മകരവിളക്ക് കച്ചവടം പൊടിപൊടിക്കാനുള്ള തയാറെടുപ്പുകളിലാണ്. അഭിഷേകം ചെയ്ത നെയ്യ് കൊണ്ടുപോകാനുള്ള പാത്രങ്ങളാണ് കൂടുതലായി വിൽക്കുന്നത്. ഹോട്ടലുകളും പൂജാ സാധനങ്ങളുമൊക്കെ വിൽക്കുന്ന കടകളെല്ലാം തുറന്നിരിക്കുന്നു.

(ശബരി പി.ആർ./338/2016)



# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| ഡിസംബർ DECEMBER 27 | 2016 |
|---|---|



**ശബരിമല പത്രക്കുറിപ്പ് 2**

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook: facebook.com/sabarimalaprd


# മണ്ഡലകാലത്ത് ആശുപത്രികളിൽ ചികിത്സ തേടിയത് 1.70 ലക്ഷം പേർ

ശബരിമല: മണ്ഡലകാല തീർഥാടനകാലത്ത് വിവിധ ആശുപത്രികളിലായി 1,70,571 പേർ ചികിത്സതേടി.പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ ജില്ലയിലെയും ശബരിമലയിലെയും ആരോഗ്യവകുപ്പിന്റെ വിവിധ ആശുപത്രികളിലായി 1,29,395 പേരാണ് ചികിത്സതേടിയതെന്ന് ആരോഗ്യവകുപ്പ് നോഡൽ ഓഫീസറായ ഡോ. സുരേഷ് ബാബു പറഞ്ഞു.

പമ്പ- 15,982, നീലമല-7007, അപ്പാച്ചിമേട്-7606, സന്നിധാനം-47,778, നിലയ്ക്കൽ-7045, ചരൽമേട്-14,948, സന്നിധാനം സഹാസ് കാർഡിയോളജി സെന്റർ-3,928, മൊബൈൽ യൂണിറ്റ് പമ്പ-1502, നിലയ്ക്കൽ-547, പത്തനംതിട്ട ജനറൽ ആശുപത്രി-270, റാന്നി-പെരുനാട് സി.എച്ച്.സി.-80, എരുമേലി-12,811, പെരുവന്താനം-2,500, വണ്ടിപ്പെരിയാർ-335, കുമളി-34, പീരുമേട്-38, ഡിസ്പെൻസറി സത്രം-282, പുല്ലുമേട്-1,460, പന്തളം-1,570, ചെങ്ങന്നൂർ-3,672, എന്നിങ്ങനെയാണ്

ചികിത്സതേടിയവരുടെ എണ്ണം. സന്നിധാനത്ത് തിക്കിലും തിരക്കിലും പെട്ടുണ്ടായ അപകടത്തിൽ പരുക്കേറ്റ എട്ടു പേർ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സതേടി.

മണ്ഡലകാലത്ത് 34 തീർഥാടകർ മരിച്ചു. ഹൃദയ സ്തംഭനം മൂലം 29 പേരാണ് മരിച്ചത്. ഒരാൾ മുങ്ങിമരിച്ചു. റോഡ് അപകടങ്ങളിൽ നാലുപേർക്ക് ജീവൻ നഷ്ടപ്പെട്ടു. നിലയ്ക്കലിൽ ആനയുടെ ആക്രമണത്തിൽ ഒരാൾ മരിച്ചിരുന്നു.

സന്നിധാനത്തെ ഹോമിയോ ആശുപത്രിയിൽ 12,363 പേർ ചികിത്സ തേടിയതായി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. എ.റ്റി. വിശ്വകുമാർ പറഞ്ഞു. പേശി വേദന, പനി, ചുമ, ശ്വാസംമുട്ടൽ എന്നിവയ്ക്കാണ് കൂടുതൽ പേർ ചികിത്സതേടിയത്.

സന്നിധാനത്തെ ആയുർവേദ ആശുപത്രിയിൽ 28,813 പേർ ചികിത്സ തേടി. ശ്വാസംമുട്ടൽ, പേശിവേദന, വീഴ്ചയിലുണ്ടായ ചതവ്, പനി, ഉളുക്ക് എന്നിവയ്ക്കാണ് കൂടുതൽ പേർ ചികിത്സതേടിയതെന്ന് ചീഫ് മെഡിക്കൽ ഓഫീസർ ഡോ. പി. രഘുപ്രസാദ് പറഞ്ഞു.

(ശബരി പി.ആർ./339/2016)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.